## ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, കേരളം നടപടിക്രമങ്ങൾ

## ഹാജർ - ടി.എ.ഷാജി

ബഹു.കേരള മുഖ്യമന്ത്രിയുടെ പൊതുജന പരാതി പരിഹാര സംവിധാനം - സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറുടെ നിയമനം - സ്വീകരിക്കേണ്ട തുടർ നടപടികൾ - സംബന്ധിച്ച്.

സൂചന - ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ-13) വകുപ്പിന്റെ 28.03.2022 ലെ
ഉത്തരവ് നം. സ.ഉ(സാധാ) 111/2022/ഉഭപവ.

മേൽ സൂചന പ്രകാരം 2022 ഏപ്രിൽ 30 ന് മുമ്പായി സി.എം.ഒ പോർട്ടൽ ചാർജ്ജ് ഓഫീസറെ നിയമിക്കണമെന്ന് സർക്കാർ ഉത്തരവിട്ടിരുന്നു. കൂടാതെ ചാർജ്ജ് ഓഫീസറുടെ വിശദാംശങ്ങൾ അടങ്ങുന്ന ബോർഡ്, ഓഫീസിൽ എത്തുന്നവരുടെ ശ്രദ്ധയിൽപ്പെടും വിധം പ്രാധാന്യത്തോടെ ഓഫീസുകളിലും, ചാർജ്ജ് ഓഫീസറുടെ പേര്, തസ്തിക, ബന്ധപ്പെടേണ്ട മൊബൈൽ, ലാൻഡ് ഫോൺ നമ്പരുകൾ, സന്ദർശന സമയം എന്നിവ വകുപ്പിന്റെ വെബ്സൈറ്റിൽ ശ്രദ്ധിക്കപ്പെടുന്ന രീതിയിൽ പ്രദർശിപ്പിക്കണമെന്നു നിർദ്ദേശിച്ചിരുന്നു.

## ഉത്തരവ് നം. 925/ഇ/2022/ഡിജിപി തീയതി 12/04/2022

സൂചന പ്രകാരമുള്ള സർക്കാർ ഉത്തരവ് അനുസരിച്ച് ശ്രീ.ഗിരീഷ് പഞ്ചു.എം.എസ് {പെൻ - 600236, ഡയറക്ടർ ഓഫ് പ്രോസിക്യൂഷൻ (ഭരണം), ഫോൺ നം - 9497998456} നെ സി.എം.ഒ പോർട്ടലിന്റെ ചാർജ്ജ് ഓഫീസറായി നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ആയതുമായി ബന്ധപ്പെട്ട തുടർ നടപടി സ്വീകരിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

DIRECTORATE OF PROSECUTION, KERALA, ERNAKULAM-682020

ടി.എ.ഷാജി
ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, കേരള